(ഡി) ഈ എം. എൽ. എ. റോഡുകളുടെ പണി എന്നു തുടങ്ങുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) എം. എൽ. എ. റോഡുകളിൽ വിളവൂർക്കൽ-പീടാരം റോഡ് ഏറെടുക്കാൻ ഗവൺമെൻറ് ഉത്തരവായിട്ടുണ്ട്. രണ്ടാമത്തെ റോഡായ കുന്നംപാറ-മച്ചയിൽ യഥാർത്ഥത്തിൽ രണ്ടു വ്യത്യസ്ത റോഡുകൾ ചേർന്നതാകയാൽ ഇവയിൽ ഏത് റോഡാണ് ഏറെടുക്കേണ്ടതെന്ന് ചീഫ് എഞ്ചിനീയർ ആരാഞ്ഞതിനുള്ള മെംബറുടെ മറുപടി ലഭിച്ചതിനുശേഷം മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളു.

(ബി) വിളവൂർക്കൽ-പിടാരം റോഡാണ് ഏറെടുത്തിട്ടുള്ളത്

(സി) വിളവൂർക്കൽ-പിടാരം റോഡിൻെറ എസ്റ്റിമേറ് തയ്യാറാക്കി വരികയാണ്. താങ്കളുടെ മറുപടി ചീഫ് എഞ്ചിനീയർക്ക് കിട്ടിയതിനു ശേഷം മാത്രമേ രണ്ടാമത്തെ റോഡിൻെറ പണി തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളു.

(ഡി) മുകളിൽ പറഞ്ഞ കാരണങ്ങളാൽ പണി എന്നു തുടങ്ങുമെന്നു കൃത്യമായി ഇപ്പോൾ പറയുക പ്രയാസമാണ്.

വെള്ളപ്പൊക്കവും പേമാരിയും മൂലം കേടുപറ്റിയ റോഡുകൾ

68 [110] ശ്രീ. പി. സീതിഹാജി :

,, നാലകത്തു സൂപ്പി : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

1985-ൽ ഉണ്ടായ വെള്ളപ്പൊക്കവും പേമാരിയും മൂലം സംസ്ഥാനത്തെ ഏത്ര കി. മീ. റോഡുകൾക്ക് കേടുപറ്റി ?

ഉത്തരം

8240 കി. മീ.

എരുവ-കാര്യാത്ത് പാലങ്ങളുടെ പണി

69. [116] ശ്രീ. തച്ചടി പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മുനിസിപ്പാലിറ്റിയിലുള്ള എരുവ-കാര്യാത്ത് പാലങ്ങളുടെ പണിയുടെ പുരോഗതി എങ്ങനെയിരിക്കുന്നു ;

(ബി) ഇത് എന്ന് പൂർത്തിയാകും ?

ഉത്തരം

(എ) എരുവാ പാലത്തിൻെറ പണി പൂർത്തിയായിക്കഴിഞ്ഞു. എന്നാൽ അപ്രോച്ച് റോഡ് ശരിയായിട്ടില്ല. കാര്യാത്ത് പാലത്തിൻെറ പൈൽകാസ്റ്റിംഗ് പണികൾ പൂർത്തിയായിട്ടുണ്ട്. കായംകുളം മുനിസിപ്പാലിറ്റിയിൽ നിന്നും ആവശ്യമായ ഭൂമി ലഭ്യമാകാത്തതിനാൽ എരുവാപാലത്തിൻെറ അപ്രോച്ച് റോഡിൻെറയും കാര്യാത്ത് പാലത്തിൻെറയും പണി മുടങ്ങിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly